# നീതിവേദി



നീതി ഔദാര്യമല്ല...
അവകാശമാണ്...

# ഒരുമയോടെ കൈകോർത്ത്..

## തൊണ്ടർനാട്



2021 നവംബർ 2–ാം തിയ്യതി തൊണ്ടർനാട് പഞ്ചായത്തിൽ വെച്ച് ചേർന്ന വിവിധ മതനേതാക്കളുടെയും ജനപ്രതിനിധികളുടെയും യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അംബിക ഷാജി ഉദ്ഘാടനം ചെയ്തു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ. ചന്തു മാസ്റ്റർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശങ്കരൻ മാസ്റ്റർ, മറ്റ് ജനപ്രതിനിധികൾ, വിവിധ മത സംഘടനാ പ്രതിനിധികൾ ആദിവാസി നേതാക്കൾ തുടങ്ങിയവർ മതസൗഹാർദത്തെപ്പറ്റിയുള്ള അനുഭവങ്ങൾ പങ്കുവെച്ചു. കേരളത്തിലെ മാറിവരുന്ന സാഹചര്യങ്ങളിൽ വിവിധ മതങ്ങൾ മതങ്ങൾ തമ്മിലുള്ള കൂട്ടായ്മയും സൗഹൃദവും ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു എടുത്തു പറഞ്ഞു. ശ്രീ. ജെയിംസ് തോമസ്, ശ്രീമതി. ലൈല ഉസ്മാൻ എന്നിവർ യോഗം സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി.

## വെള്ളമുണ്ട



2021 നവംബർ മാസം 16–ാം തിയ്യതി വെള്ളമുണ്ട പഞ്ചായത്തിൽ വെച്ച് വിവിധ മതനേതാക്കളുടെ ഒത്തുചേരൽ നടന്നു. പീസ് കമ്മിറ്റി  കൺവീനർ ശ്രീമതി. കല്ല്യാണി സ്വാഗതം പറഞ്ഞു. പീസ് കമ്മിറ്റി ശ്രീ. ചെയർമാൻ ശ്രീ. അമ്മദ് കൊടുവേരി അദ്ധ്യക്ഷത വഹിച്ച യോഗം വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജംഷീർ ഉദ്ഘാടനം ചെയ്തു. നീതിവേദി കോർഡിനേറ്റർ ശ്രീ. ജെയിംസ് തോമസ് നീതിവേദിയുടെ ലക്ഷ്യങ്ങളെ കുറിച്ച് വിശദീകരിച്ചു. കോർ ടീം മെമ്പർ ശ്രീമതി. സൗദ നന്ദി പറഞ്ഞു.

## പുൽപ്പള്ളി



2021 നവംബർ മാസം 17–ാം തിയ്യതി പുൽപ്പള്ളി പഞ്ചായത്തിൽ വെച്ച് വിവിധ മതനേതാക്കൾ ഒത്തുചേർന്നു. പീസ് കമ്മിറ്റി കൺവീനർ ശ്രീമതി ആയിഷ ഫൈസൽ സ്വാഗതം ആശംസിച്ചു. നീതിവേദി കോർഡിനേറ്റർ ശ്രീ ജെയിംസ് തോമസ് നീതിവേദിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു. പീസ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. റീനപൗലോസ് അദ്ധ്യക്ഷത വഹിച്ച യോഗം പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി.എസ്. ദിലീപ് ഉദ്ഘാടനം ചെയ്തു. ശ്രീ ഷാജി ഭാസ് നന്ദി പറഞ്ഞു. 40 ഓളം പേർ പങ്കെടുത്തു.

## തവിഞ്ഞാൽ



2021 നവംബർ മാസം 18–ാം തിയ്യതി തവിഞ്ഞാൽ പഞ്ചായത്തിൽ വെച്ച് വിവിധ മതനേതാക്കളുടെ മീറ്റിംഗ് നടന്നു. നീതിവേദി കോർഡിനേറ്റർ ശ്രീ. ജയിംസ് തോമസ് യോഗത്തിന്റെ ലക്ഷ്യങ്ങളെകുറിച്ച് വിശദീകരിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി. ലൈല ഉസ്മാൻ സ്വാഗതം പറഞ്ഞു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ ഷാജു ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗം തവിഞ്ഞാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എൽസി ജോയി ഉദ്ഘാടനം ചെയ്തു. തവിഞ്ഞാൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഇബ്രാഹിം പി.എം. ആശംസകൾ അർപ്പിച്ചു. വിവിധ മതങ്ങളിൽപ്പെട്ട 35 ഓളം പേർ പങ്കെടുത്തു.

## വൈത്തിരി



2021 നവംബർ മാസം 20-ാം തിയ്യതി വൈത്തിരി പഞ്ചായത്തിൽ വെച്ച് മതനേതാക്കളുടെ മീറ്റിംഗ് നടന്നു. നീതി വേദി കോർഡിനേറ്റർ ശ്രീ. ജയിംസ് തോമസ് യോഗ ലക്ഷ്യങ്ങൾ വിശദീകരിച്ചു. പീസ് കമ്മിറ്റി കൺവീനർ ശ്രീമതി. ജനീഷ സ്വാഗതം പറഞ്ഞു. പീസ് കമ്മിറ്റി വൈസ് ചെയർമാൻ ശ്രീ കരുണാകരൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ മതങ്ങളിൽപ്പെട്ട 35 ഓളം പേർ പങ്കെടുത്തു.

## പനമരം



2021 നവംബർ മാസം 22-ാം തിയ്യതി പനമരം പഞ്ചായത്തിൽ വെച്ച് വിവിധ മതനേതാക്കളുടെ ഒത്തുചേരൽ നടന്നു. നീതിവേദി കോർഡിനേറ്റർ ശ്രീ. ജയിംസ് തോമസ് യോഗ ലക്ഷ്യങ്ങൾ വിശദീകരിച്ചു. പീസ് കമ്മിറ്റി കൺവീനർ ശ്രീമതി. ലിസി പത്രോസ് സ്വാഗതം പറഞ്ഞു. പീസ് കമ്മിറ്റി ചെയർമാൻ ശ്രീ അജയകുമാർ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് പനമരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ആസ്യ ടീച്ചർ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കെ.ടി. സുബൈർ നന്ദി പറഞ്ഞു. വിവിധ മതങ്ങളി ൽപ്പെട്ട 20 ഓളം പേർ പങ്കെടുത്തു.

## നൂൽപ്പുഴ



23.11.2021 ന് നൂൽപ്പുഴ പഞ്ചായത്തിൽ വിവിധ മത നേതാക്കളുടെ യോഗം നടന്നു. നീതിവേദി കോർഡിനേറ്റർ ശ്രീ. ജെയിംസ് തോമസ് സ്വാഗതം പറഞ്ഞു. നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീജ സതീഷ് ഉദ്ഘാടനം ചെയ്തു. നീതിവേദി ഫീൽഡ് സ്റ്റാഫ് സാറാമ്മ നന്ദി പറഞ്ഞു.

## പീസ് കമ്മിറ്റി റിവ്യൂ മീറ്റിംഗ്



2021 നവംബർ മാസം 12-ാം തിയ്യതി സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി ടൗൺ ഹാളിൽ വെച്ച് പീസ് കമ്മിറ്റി അംഗങ്ങളുടെ യോഗം നടന്നു. ശ്രീമതി. സാറാമ്മ ഷാജി യോഗത്തിലേക്ക് ഏവരെയും സ്വഗതം ചെയ്തു. നീതിവേദി കോർഡിനേറ്റർ ശ്രീ. ജെയിംസ് തോമസ് നീത ിവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ചെയർ പേഴ്സൺ ശ്രീമതി എലിസബത്ത് ടീച്ചർ, കൺവീനർ ശ്രീ സൈമൺ വിവിധ മതനേതാക്കളുടെ സൗഹൃദ കൂട്ടായ്മ സംഘടിപ്പിക്കുന്നതിനെ കുറിച്ചും, മതപരമായ ഒരു ആഘോഷം വിവിധ മതത്തിലുള്ള ആളുകളെ പങ്കെടുപ്പിച്ച് നടത്തുന്നതിനെ കുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു.

# പീസ് കമ്മിറ്റി രൂപീകരണം



2021 നവംബർ മാസം 4-ാം തിയ്യതി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലും, 8-ാം തിയ്യതി പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലും പീസ് കമ്മിറ്റി രൂപീകരണയോഗം നടന്നു. കോർഡിനേറ്റർ ശ്രീ. ജെയിംസ് തോമസ് നീതി വേദിയെ കുറിച്ചും യോഗത്തിന്റെ ലക്ഷ്യങ്ങളെ കുറിച്ചും വിശദീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

മൂള്ളൻകൊല്ലി പഞ്ചായത്തിലെ പീസ് കമ്മിറ്റിയുടെ ചെയർമാനായി ശ്രീ. പി.കെ. ജോസ്, കൺവീനറായി ശ്രീ. കെ.കെ. ചന്ദ്രബാബു, വൈസ് ചെയർമാനായി ശ്രീമതി. ജലജ സജി, ജോയിന്റ് കൺവീനറായി ശ്രീമതി. ജെസ്സി സെബാസ്റ്റ്യൻ, കോർ ടീം മെമ്പറായി കലേഷ് പി.എസ്. എന്നിവരെ തെരഞ്ഞടുത്തു.

പുൽപ്പള്ളി പഞ്ചായത്തിലെ ചെയർപേഴ്സണായി ശ്രീമതി. റീന പൗലോസ്, കൺവീനറായി ശ്രീമതി. ആയിഷ ഫൈസൽ, വൈസ് ചെയർമാനായി ശ്രീ. മണി, ജോയിന്റ് കൺവീനറായി ശ്രീമതി. ഉഷ ടീച്ചർ എന്നിവരെ തെരഞ്ഞെടുത്തു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടിയിലുള്ളവർ, കുടുംബശ്രീ പ്രവർത്തകർ, ആദിവാസി ആനിമേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു. ശ്രീമതി സാറാമ്മ ഷാജി നേതൃത്വം നൽകി.

# സൗഹൃദം വളർത്തി വിദ്യാർത്ഥികൾ

നീതിവേദി വിദ്യാർത്ഥി സൗഹൃദ ക്ലബ്ബുകൾ സാവകാശം സജീവമായിവരുന്നു. പഠനത്തിനും ഉല്ലാസത്തിനും സഹായകരമാകുന്ന വിവിധ സാമഗ്രികൾ വിതരണം ചെയ്തു.







2021 നവംബർ മാസം 6 ന് തോര്യമ്പം ഊര്, നവംബർ 8 ന് അടുവാടിവയൽ ഊര്, നവംബർ 9ന് എടത്തിൽ ഊര് എന്നിവിടങ്ങളിൽ വിദ്യാർത്ഥി സാഹൃദ ക്ലബ്ബുകളുടെ യോഗം നടന്നു. കുട്ടികൾക്ക് കളിക്കാനുള്ള ക്രിക്കറ്റ് ബാറ്റ്, ഷട്ടിൽ ബാറ്റ്, ഫുഡ്ബോൾ തുടങ്ങിയവ നൽകി. ശ്രീമതി വത്സ ദേവസ്യ നേതൃത്വം നൽകി.




2021 നവംബർ മാസം 21-ാം തിയ്യതി മാനന്തവാടി നഗരസഭയിലെ വട്ടർകുന്ന് വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് രൂപീകരിച്ചു. സെക്രട്ടറി ആൻലിയ വിൻസന്റ് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് സുഹൈൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ലൈല ഉസ്മാൻ കുട്ടികൾക്ക് നീതിവേദിയെ കുറിച്ചും ക്ലബ്ബിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ചും വിശദീകരിച്ചു. സ്പോർട്സ് കിറ്റ് വിതരണം ചെയ്തു.

2021 നവംബർ മാസം 26-ാം തിയ്യതി എടപ്പെട്ടി അങ്കണവാടിയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് രൂപീകരിച്ചു. അങ്കൺവാടി ടീച്ചർ ശ്രീമതി. രമ ടീച്ചർ സ്വാഗതം പറഞ്ഞു. മുട്ടിൽ പഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി ഷീബ ഉദ്ഘാടനം ചെയ്തു. ശ്രീമതി. വത്സ ദേവസ്യ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിന്റെ ലക്ഷ്യങ്ങളെകുറിച്ചും നീതിവേദിയെ കുറിച്ചും വിശദീകരിച്ചു. ക്ലബ്ബിന്റെ പ്രസിഡന്റായി റിച്ചാർഡ്, വൈസ് പ്രസിഡന്റായി ഹാദിയ, സെക്രട്ടറിയായി മീവൽ റോസ്, ജോയിന്റ് സെക്രട്ടറിയായി നീത, ലീഡർ ആയി അലീന എന്നിവരെ തെരഞ്ഞെടുത്തു. 37 കുട്ടികൾ പങ്കെടുത്തു.







2021 നവംബർ മാസം 27-ാം തിയ്യതി കമ്പളക്കാട് എ.പി.ജെ. നഗറിലെ കുട്ടികളുടെ യോഗം നടന്നു. ശ്രീമതി ജൂബിലി ഏവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി. സുമ ടീച്ചർ, കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ ശ്രീമതി. സലിജ ഉണ്ണി എന്നിവർ ക്ലാസ്സെടുത്തു. നീതിവേദിയുടെ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് കുട്ടികളിലെ കഴിവുകൾ പ്രകടിപ്പിക്കാൻ നല്ലൊരു വേദിയാണെന്ന് ശ്രീമതി. സുമ ടീച്ചർ അഭിപ്രായപ്പെട്ടു. കുട്ടികൾക്ക് പഠനോപകരണങ്ങളും സ്പോർട്സ് കിറ്റും നൽകി.

2021 നവംബർ മാസം 29-ാം തിയ്യതി കുറ്റിമൂല ബഡ്സ് സ്കൂളിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിന്റെ റിവ്യൂ മീറ്റിംഗ് നടന്നു. ടീച്ചർ ശ്രീമതി. അമൃത സ്വാഗതം ആശംസിച്ചു. ഭരണഘടനാ ദിനമായതിനാൽ ശ്രീമതി. ലൈല ഉസ്മാൻ ഇന്ത്യൻ ഭരണഘടനയെ കുറിച്ച് കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. കുട്ടികൾക്ക് കളിക്കാനുള്ള ഷട്ടിൽ ബാറ്റ്, റിംഗ് എന്നിവ വിതരണം ചെയ്തു. ക്ലബ്ബ് സെക്രട്ടറി പ്രശാന്തിനി നന്ദി പറഞ്ഞു.






2021 നവംബർ മാസം 29-ാം തിയ്യതി മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ രാരോത്ത് ഊരിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് രൂപീകരിച്ചു. പ്രമോട്ടർ ശ്രീമതി. വത്സ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. മീനങ്ങാടി പഞ്ചായത്ത് മെമ്പർ ശ്രീമതി. ശാന്തി സുനിൽ നീതിവേദിയെ കുറിച്ചും ക്ലബ്ബിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ചും വിശദീകരിച്ചു. ശ്രീമതി. സാറാമ്മ ഷാജി നേതൃത്വം നൽകി. ക്ലബ്ബിന് "കുട്ടികുടുംബം" എന്ന് പേരിട്ടു. അംബിക, സവിത എന്നിവരെ ലീഗർമാരായി തെരഞ്ഞെടുത്തു. കുട്ടികൾക്ക് പഠനോപകരണങ്ങളും, കളിക്കോപ്പുകളും വിതരണം ചെയ്തു. സാക്ഷരതാ ടീച്ചർമാരായ ദേവി, വസന്തകുമാരി, ദിൽന, ആർ.ആർ.ടി.-എം.കെ. ശിവരാമൻ എന്നിവർ പങ്കെടുത്തു. സവിത എല്ലാവർക്കും നന്ദി പറഞ്ഞു.




2021 നവംബർ മാസം 29-ാം തിയ്യതി പിലാക്കാവ്, അടിവാരം എന്ന സ്ഥലത്ത് വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് രൂപീകരിച്ചു. അങ്കൺവാടി ടീച്ചർ ശ്രീമതി. പ്രീത സനൽ സ്വാഗതം പറഞ്ഞു. ക്ലബ്ബിന് "കിഡ്സ് ഹോം" എന്ന് പേരിട്ടു. ക്ലബ്ബിന്റെ പ്രസിഡന്റായി അക്ഷയ് രാജേഷ്, വൈസ് പ്രസിഡന്റായി ഉണ്ണിമായ, സെക്രട്ടറിയായി അശ്വതി സനൽ, ജോയിന്റ് സെക്രട്ടറിയായി സ്വാലിഹ്, ഖജാൻജിയായി ടി.എസ്. കൈലാസ്നാഥ് എന്നിവരെ തെരഞ്ഞെടുത്തു. ക്രിസ്തുമസ് അവധിക്ക് ക്രസ്തുമസ് ആഘോഷം സംഘടിപ്പിക്കാൻ തീരുമാനിച്ചു. ക്ലബ്ബ് പ്രസിഡന്റ് അക്ഷയ് രാജേഷ് നന്ദി പറഞ്ഞു. 18 കുട്ടികൾ പങ്കെടുത്തു.

## യൂത്ത് ആലോചന യോഗം

2021 നവംബർ മാസം 6-ാം തിയ്യതി കണിയാമ്പറ്റ പഞ്ചായത്ത് കമ്പളക്കാട് വെച്ച് യൂത്ത് ക്ലബ്ബിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ പ്രതിനിധകളുടെ യോഗം ചേർന്നു. യുവജന സൗഹൃദ ക്ലബ്ബ് രൂപീകരിച്ച് കൂട്ടായി പ്രവർത്തനം നടത്തുന്നതിനെപ്പറ്റി പ്രാഥമിക ചർച്ചകൾ നടത്തി. പഞ്ചായത്ത് മെമ്പർ നൂരിഷ ചേനോത്ത് അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ നീതിവേദി കോഡിനേറ്റർ ശ്രീ ജെയിംസ് തോമസ് ക്ലാസ്സ് എടുത്തു. ശ്രീമതി വത്സ ദേവസ്യ, കോർടിം അംഗം ശ്രീമതി സബിത എന്നിവർ നേതൃത്വം നൽകി.





# യുവജന സൗഹൃദ ക്ലബ്ബ് റിവ്യൂ മീറ്റിംഗ്



നീതിവേദിയുടെ ആഭിമുഖ്യത്തിൽ 27.11.2021 ന് പാക്കം യുവജന സൗഹൃദ ക്ലബ്ബിന്റെ റിവ്യൂ മീറ്റിംഗ് സംഘടിപ്പിച്ചു. യുവജന ക്ലബ്ബ് പ്രസിഡന്റ് സച്ചിൻ എല്ലാവരെയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. ശ്രീ. ജെയിംസ് തോമസ് ക്ലാസ്സ് എടുത്തു. യുവജന ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. നീതിവേദി നൽകിയ സ്പോർട്സ് കിറ്റ് വാർഡ് വികസന കൺവീനർ ശ്രീ റോയി വിതരണം ചെയ്തു. യുവജന ക്ലബ്ബ് സെക്രട്ടറി ശ്രീ. എബിൻ മാത്യു നന്ദി പറഞ്ഞു. 26 അംഗങ്ങൾ പങ്കെടുത്തു.

2021 നവംബർ മാസം 28-ാം തിയ്യതി സുൽത്താൻ ബത്തേരി " ഫോർട്ട് " യുവജന സൗഹൃദ ക്ലബ്ബിന്റെ യോഗം ചേർന്നു. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സെക്രട്ടറി ശ്രീ. ജുഷ്ണു വിശദീകരിച്ചു. ജാതി-മത ബേധമന്യേ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന " ഫോർട്ട് " ക്ലബ്ബ് യുവജനങ്ങൾക്ക് നല്ലൊരു മാതൃകയായിരിക്കുമെന്ന് ശ്രീമതി. സാറാമ്മ ഷാജി അഭിപ്രായപ്പെട്ടു.



# വനിത സൗഹൃദ കൂട്ടായ്മ



2021 നവംബർ മാസം 27-ാം തിയ്യതി മീനങ്ങാടി പഞ്ചായത്തിലെ ആവയൽ മിത്രം വനിതാ സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. ശ്രീമതി. സാറാമ്മ ഷാജി സ്വാഗതം പറഞ്ഞു. ചെയർമാൻ ശ്രീമതി. സാജിത റഷീദ് അദ്ധ്യക്ഷത വഹിച്ചു. 2021 ഒക്ടോബർ 21 ന് നീതിവേദി ഓഫീസിൽ വെച്ച് നടന്ന വനിത സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്കുള്ള ഹാപ്പിനസ്സ് പ്രോഗ്രാമിനെ കുറിച്ച് സംസാരിച്ചു. ക്രിസ്മസ് സംയുക്തമായി ആഘോഷിക്കാമെന്നും ക്രിസ്മസ് ആഘോഷത്തിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ കുട്ടികളുടെ കലാപരിപാടികൾ നടത്താമെന്നും അഭിപ്രായമുായി. മിത്രം വനിതാ സൗഹൃദ ക്ലബ്ബ് അംഗം നാഗമ്മയുടെ കാല് ഓപ്പറേഷൻ ചെയ്യുന്നതിന്റെ ചെലവിലേക്കായി സംഭാവന നൽകാൻ എല്ലാ അംഗങ്ങളും ചേർന്ന് തീരുമാനിച്ചു. ക്രിസ്തുമസ് അവധിക്ക് വനിതാ സൗഹൃദ ക്ലബ്ബ് അംഗങ്ങൾ വിനോദയാത്ര സംഘടിപ്പിക്കാമെന്ന അഭിപ്രായം അറിയിച്ചു.



2021 നവംബർ മാസം 29-ാം തിയ്യതി എടപ്പെട്ടിയിൽ വെച്ച് വനിതാ സൗഹൃദ ക്ലബ്ബിന്റെ മീറ്റിംഗ് നടന്നു. ക്ലബ്ബ് പ്രസിഡന്റ് ശ്രീമതി കവിത എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. വനിതാ സൗഹൃദ ക്ലബ്ബ് സെക്രട്ടറി ശ്രീമതി. സ്മിത ക്രിസ്തുമസ് ആഘോഷിക്കുന്നത് സംബന്ധിച്ച് പ്ലാനിംഗ് നടത്തി. വനിതാ സൗഹൃദ ക്ലബ്ബ് അംഗം ശ്രീമതി ലീല നന്ദി പറഞ്ഞു. 18 അംഗങ്ങൾ പങ്കെടുത്തു.

## അദാലത്ത്



ഓറഞ്ച് ദ വേൾഡ് കാമ്പയിന്റെ ഭാഗമായി ഗാർഹിക പീഢന നിരോധന നിയമ പ്രകാരം രെജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അദാലത്ത് വയനാട് ജില്ലാ വനിതാ - ശിശു വികസന വകുപ്പിന്റെയും, വുമൺ പ്രൊട്ടക്ഷൻ ഓഫീസിന്റെയും വയനാട് ജില്ലയിലെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും സംയുക്താഭിമുഖ്യത്തിൽ 27.11.2021 ന് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് നടന്നു. ലീഗൽ സർവ്വീസ് അതോറിറ്റി സബ് ജഡ്ജ് ശ്രീ. കെ. രാജേഷിന്റെ നേതൃത്വത്തിൽ നടന്ന അദാലത്തിൽ നീതിവേദി കൗൺസിലർ അഡ്വ. ജോമോൾ ജോയി പാനൽ മെമ്പറായിരുന്നു.

## സബ് കമ്മിറ്റി മീറ്റിംഗ്





2021 നവംബർ മാസം 27 – ാം തിയ്യതി നീതിവേദി ഓഫീസിൽ വെച്ച് നടന്ന സബ് കമ്മിറ്റി മീറ്റിംഗിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി നിസ, അഡ്വ. മരിയ, ജ്വാല ജില്ലാ കോർഡിനേറ്റർ ശ്രീമതി. ലില്ലി തോമസ്, പഞ്ചായത്ത് ജനപ്രതിനിധികൾ, അങ്കൺവാടി ടീച്ചർമാർ എന്നിവരുൾപ്പെടുന്ന 15 ഓളം പേർ പങ്കെടുത്തു. നീതിവേദി ഡയറക്ടർ ശ്രീമതി. ഫ്ളൈസി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് അഡ്വ. മരിയയുടെ നേതൃത്വത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയും, എല്ലാ സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നതിനെപ്പറ്റിയും ചർച്ച ചെയ്തു

## ബോധവൽക്കരണ ക്ലാസ്സുകൾ

2021 നവംബർ 24 അരിവയൽ, നവംബർ 26 കുറ്റിമൂല/എടപ്പെട്ടി, നവംബർ 28 വട്ടർകുന്ന്, നവംബർ 29 അടിവാരം എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. 80 ഓളം ആളുകൾ പങ്കെടുത്തു.





# നിയമ സഹായവും കൗൺസിലിംഗും



2021 നവംബർ മാസത്തിൽ നീതിവേദി ഓഫീസിൽ വെച്ച് 32 പേർക്ക് കൗൺസിലിംഗ് നൽകി. നീതി വേദിയെ സമീപിച്ച 16 നിയമ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തി, 3 കേസുകൾ ഒത്തുതീർപ്പാക്കി, 2 കേസ് കോടതിയിൽ ഫയൽ ചെയ്തു.

# പീസ് കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം








2021 നവംബർ മാസം 29,30, ഡിസംബർ മാസം 1 തിയ്യതികളിലായി ബത്തേരി, വൈത്തിരി, മാനന്തവാടി താലൂക്ക് തലത്തിൽ പഞ്ചായത്ത് പീസ് കമ്മിറ്റി അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു. നീതി വേദിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും പീസ് കമ്മിറ്റിയുടെ ലക്ഷ്യങ്ങളെക്കുറിച്ചും ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ്, മീഡിയേഷൻ,ശ്രമവണകല എന്നിവയെ കുറിച്ച് അഡ്വ. ജോമോൾ ജോയി, അഡ്വ. സ്റ്റീഫൻ മാത്യു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 78 ഓളം പീസ് കമ്മിറ്റി അംഗങ്ങൾ പരിശീലത്തിൽ പങ്കെടുത്തു.







NEETHI VEDHI
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട്– 673122
ഫോൺ– 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org